**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345** **06-08-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം നൗഷാദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അധികാരങ്ങളും അവകാശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ 11-ാം ആക്ട്) 3-ാംവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. കെ.എസ്.സി.ബി.സി ആക്ടിലെ 3-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീംകോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ അല്ലെങ്കിൽ ആയിരുന്നതോ ആയ വ്യക്തി ആയിരിക്കണം. പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറി കമ്മീഷന്റെ എക്സ് ഒഫീഷ്യോ മെമ്പർ സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആയിരിക്കേണ്ടതാണ്. പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയില്ലെന്നോ ഉള്ള പരാതികൾ എന്നിവ സ്വീകരിക്കുക, അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുക, ആക്ടിലെ 11-ാം വകുപ്പ് പ്രകാരം പിന്നാക്ക വിഭാഗക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുന്ന പ്രക്രിയയിൽ സർക്കാരിന് ഉപദേശം നൽകുക, മറ്റു പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ (ഒ.ബി.സി. ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശം നൽകുക എന്നിവയാണ് കമ്മീഷന്റെ ചുമതലകൾ. |
| (ബി) | കമ്മീഷൻ പുന:സംഘടിപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | 08.03.2019-ലെ G.O.(P)No.01/2019/BCDD പ്രകാരം ജസ്റ്റിസ്. ജി.ശശിധരനെ കമ്മീഷൻ ചെയർമാനായും, 28.05.2019-ലെ G.O.(P) No.02/2019/BCDDപ്രകാരം ഡോ.എ.വി. ജോർജിനേയും, 03.12.2019-ലെ G.O. |

| | | | |
|---|---|---|---|
| | | | (P)No.03/2019/BCDD പ്രകാരം ശ്രീമതി.സുബൈദ ഇസ്ഹാക്കിനെയും കമ്മീഷൻ മെമ്പർമാരായും നിയമിച്ചുകൊണ്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പുന:സംഘടിപ്പിക്കുകയുണ്ടായി. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കമ്മീഷൻ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 01.06.2021 - ന് നടന്ന 487-ാമത് കമ്മീഷൻ സിറ്റിംഗിൽ കുമാരക്ഷത്രിയ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, മലയാള ബ്രാഹ്മിൺ സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ജാതി/മത പരിഗണനകൾ കൂടാതെ നാടാർ വിഭാഗത്തിന് സംവരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച വിഷയം, പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ ഭാഗത്തു സ്ഥിരതാമസക്കാരായ ശെങ്കുന്തർ, കൈക്കോളൻ, കേരളമുതലി, മുതലിയാർ, എന്നീ വിവിധ പേരുകളിൽ അറിയപ്പെടുന്ന 'കൈക്കോളൻ' വിഭാഗത്തിൽപ്പെട്ടവർക്ക് സ്കൂൾ സർട്ടിഫിക്കറ്റിൽ വിവിധ പേരുകൾ ചേർത്തിട്ടുള്ളതിനാൽ 'കൈക്കോളൻ' സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്നുള്ള കേരള ശെങ്കുന്തർ മഹാജന സംഘത്തിന്റെ പരാതി എന്നിവ പരിഗണിച്ചിരുന്നു. തിരുവന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വെച്ച് 29.06.2021-ന് നടന്ന 488-ാമത് കമ്മീഷൻ സിറ്റിംഗിൽ കേരളത്തിലെ പുല്ലുവക്കൗണ്ടർ, വേട്ടുവക്കൗണ്ടർ, പടൈയാച്ചിക്കവുണ്ടർ, കാവിലിയക്കവുണ്ടർ എന്നീ വിഭാഗങ്ങളെ ഒ.ബി.സി.പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, ക്രിസ്തുമതത്തിൽ ഉൾപ്പെടുന്ന SIUC-യ്ക്ക് പുറമെയുള്ള നാടാർ വിഭാഗങ്ങൾക്ക് കൂടി ഒ.ബി.സി. പദവി അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച ആവശ്യം, ഗവറ വിഭാഗത്തെക്കൂടി സംസ്ഥാന പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം എന്നിവ പരിഗണിച്ചിരുന്നു. തിരുവനന്തപുരത്തുള്ള കമ്മീഷൻ ഓഫീസിൽ വച്ച് 22.07.2021-ന് നടന്ന 489-ാമത് കമ്മീഷൻ സിറ്റിംഗിൽ വീരശൈവയിലെ അവാന്തര വിഭാഗങ്ങളെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, ക്രിസ്തുമതത്തിൽ ഉൾപ്പെടുന്ന SIUC-യ്ക്ക് പുറമെയുള്ള നാടാർ ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് കൂടി ഒ.ബി.സി. പദവി അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച വിഷയം, മിശ്ര വിവാഹിതരുടെ മക്കൾക്ക് മാതാവിന്റെ ജാതിയ്ക്കുള്ള പിന്നാക്ക സമുദായ ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ച് ശ്രീമതി.അനുജി.എം.എസ് സമർപ്പിച്ച നിവേദനം എന്നിവ പരിഗണിച്ചു. കൂടാതെ കമ്മീഷനിൽ ലഭ്യമായിട്ടുള്ള മറ്റ് അപേക്ഷകളും, കത്തുകളും, പരാതികളും കമ്മീഷൻ പരിശോധിച്ചുവരുന്നു.

Omana N.D
Section Officer.